അദ്ധ്യക്ഷനായും വ്യത്യസ്ത നിയമപരിഷ്കരണ കമ്മീഷനുകളെ വിവിധ കാലയളവിൽ സർക്കാർ നിയമിച്ചിരുന്നു. ഇതിൽ ശ്രീ. കെ. എം. മാണി അദ്ധ്യക്ഷനായുള്ള നിയമപരിഷ്കരണ കമ്മീഷൻ കാലഹരണപ്പെട്ടതായി കണ്ടെത്തിയ 697 ആക്ടുകൾ 2005-ലെ The Kerala Repealing and Saving Ordinance (2005-ലെ 18) പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്.

(ബി) ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ കാലഹരണപ്പെട്ടതായി കണ്ടെത്തിയ 107 ആക്ടുകളിൽ ബന്ധപ്പെട്ട ഭരണവകുപ്പുകൾ റദ്ദാക്കേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ട 5 ആക്ടുകൾ ഒഴികെയുള്ള 102 ആക്ടുകൾ റദ്ദാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) The Kerala Repealing and Saving Bill-ന്റെ കരട് തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

18 (*648) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചിട്ടുള്ളത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങൾ ഭരണതലത്തിൽ നടപ്പാക്കിയിട്ടുണ്ട് ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യോദയം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്റ്റ് വർക്ക്, സെക്യൂരിറ്റി റൂം, കഴൽക്കിണർ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവിടങ്ങളിൽ താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവ സജ്ജമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകൾക്കാവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ എന്നിവയും കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും അനുവദിക്കുന്നുണ്ട്.

(സി) വകുപ്പിന് കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് സ്വന്തമായി കെട്ടിട സൗകര്യം ഉണ്ട്. സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത ആശ്രമ സ്കൂൾ തിരുനെല്ലി, ഏകലവ്യ എം.ആർ.എസ്. പൂക്കോട് എന്നിവയ്ക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള 110 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 97 എണ്ണം വകുപ്പ്/സർക്കാർ വക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 13 ഹോസ്റ്റലുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ സ്ഥലസൗകര്യം ലഭ്യമായ 2 ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ 6 ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്ഥിരം കെട്ടിടം ഇല്ലാതിരുന്ന 11 ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

സഹകാരികൾക്കും സഹകരണ ജീവനക്കാർക്കും വേണ്ടി കർമ്മ പദ്ധതികൾ

19 (*649) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly